"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റം - ഡോ.പ്രിയ.പി ,അസിസ്റ്റന്റ് സർജൻ, പ്രാഥമികാരോഗ്യ കേന്ദ്രം, നെട്ടൂർ, എറണാകുളം - ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത 1000/2023 നമ്പർ കേസിലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2283/2023/H&FWD തീയതി,തിരുവനന്തപുരം, 08-09-2023

---

പരാമർശം:-

1. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ നമ്പർ 1000/2023 കേസിൽ 19/06/2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്
2. സഉ (സാധ) 1518/2023/ആകുവ തീയതി 26/06/2023
3. സഉ (സാധ) 1603/2023/ആകുവ തീയതി 04/07/2023
4. ഡോ.പ്രിയ.പി സമർപ്പിച്ച അപ്പീൽ അപേക്ഷ
5. അപ്പീൽ കമ്മിറ്റി 22/07/2023 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ എറണാകുളം നെട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ.പ്രിയ. പി യ്ക്ക് ഇടുക്കി കഞ്ഞിക്കുഴി സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരായി ടിയാൾ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നമ്പർ 1000/2023 ഫയൽ ചെയ്യുകയും, തുടർന്ന് ബഹു .ട്രിബ്യൂണൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കപ്പെടുകയുമുണ്ടായി. പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും ആരോഗ്യ വകുപ്പ് ഡയറക്ടറും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറും അംഗങ്ങളായും പരാമർശം (2), (3) എന്നിവ പ്രകാരം ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു.

2. ഇതിനിടെ ഡോ.പ്രിയ.പി പരാമർശം (4) പ്രകാരമുള്ള അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2), (3) എന്നിവ പ്രകാരം രൂപീകരിച്ച അപ്പീൽ കമ്മിറ്റി 22-07-2023 ന് യോഗം ചേരുകയും ഡോ.പ്രിയ.പി യുടേതുൾപ്പെടെയുള്ള അപ്പീലുകൾ പരിശോധിക്കുകയും ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചതുപ്രകാരം ഓരോ കേസിലേയും അപേക്ഷകരേയും ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേൾക്കുന്ന വേളയിലും അപ്പീൽ അപേക്ഷയിലും ഡോ.പ്രിയ.പി ആവശ്യപ്പെട്ടത്, ടിയാൾ പ്രസവാവധി കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ച ആളായതിനാൽ ടിയാളെ നിലവിലെ സ്റ്റേഷനിൽ നിലനിർത്തുകയോ അതല്ലെങ്കിൽ ടിയാൾ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ ഓപ്ഷൻ സമർപ്പിച്ചിരുന്ന

GOVERNMENT OF KERALA

0396624

സ്റ്റേഷനുകളിലേക്കോ പരിഗണിക്കണമെന്നായിരുന്നു.

(3) അപ്പീൽ കമ്മിറ്റി ഈ വിഷയം വിശദമായി പരിശോധിക്കുകയും ടിയാൾ പ്രസവാവധികഴിഞ്ഞ് മടങ്ങിയെത്തിയ ആളാണെന്നത് പരിഗണിച്ച് ടിയാൾക്ക് മട്ടാഞ്ചേരി ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകാൻ ശിപാർശ ചെയ്യുകയും ഉണ്ടായി.

(4) അപ്പീൽ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ട്, ഡോ.പ്രിയ. പി യ്ക്ക് എറണാകുളം മട്ടാഞ്ചേരി ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി, ടിയാൾ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി, ഇതിനാൽ ഉത്തരവാകുന്നു. ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുപാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,കേരള,തിരുവനന്തപുരം(ആമുഖക്കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം

ഡോ.പ്രിയ.പി ,അസിസ്റ്റന്റ് സർജൻ ,പ്രാഥമികാരോഗ്യ കേന്ദ്രം,നെട്ടൂർ

ഡോ.പാർവ്വതി.ആർ ,അസിസ്റ്റന്റ് സർജൻ ജനറൽ ആശുപത്രി ,എറണാകുളം

ഡോ.അഖില.വി, അസിസ്റ്റന്റ് സർജൻ ,താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഫോർട്ട് കൊച്ചി ,എറണാകുളം

ഡോ.സിൽസില അലി,അസിസ്റ്റന്റ് സർജൻ ,പ്രാഥമികാരോഗ്യ കേന്ദ്രം , പനങ്ങാട് , എറണാകുളം

ഡോ.ബാല്യ.വി അസിസ്റ്റന്റ് സർജൻ പ്രാഥമികാരോഗ്യ കേന്ദ്രം,വലന്തക്കാട് എറണാകുളം

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 08-09-2023 19:01:03

**മേലെഴുത്ത് നം: ഇ.എ2-12077/2023/ആ.വ.ഡ തീയതി 12.09.2023**

സർക്കാർ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി